**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **19-06-2024 - ൽ മറുപടിയ്ക്ക്**

**ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ മതിയായ സ്ഥല സൌകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കാസർകോട് ജില്ലയിലെ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ മതിയായ സ്ഥല സൗകര്യം ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ കെട്ടിടം പതിനൊന്ന് വർഷങ്ങൾക്ക് മുമ്പ് പണിതതാണ്. ജീവനക്കാർക്ക് ഇരുന്ന് ജോലി ചെയ്യാൻ സൗകര്യമില്ലാത്ത ഇടുങ്ങിയ 2 മുറികളും കുടിവെള്ള സൗകര്യം ഇല്ലാത്തതുമായ അന്തരീക്ഷത്തിലാണ് പ്രസ്തുത വില്ലേജ് ഓഫീസ് പ്രവർത്തിച്ച് വരുന്നത്. |
| (ബി) | എത്ര വർഷം മുൻപാണ് ഈ കെട്ടിടം പണിതതെന്നും ഇപ്പോഴതിന്റെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; | (ബി) | 'എ പിരിവിനുള്ള മറുപടി' |
| (സി) | ഏതെല്ലാം വില്ലേജ് ഓഫീസുകൾ ചേർന്നതാണ് ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസെന്ന് വ്യക്തമാക്കാമോ; | (സി) | ചെങ്കള, മുട്ടത്തൊടി എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ് ചെങ്കള ഗ്രൂപ്പ് വില്ലേജ്. |
| (ഡി) | പ്രസ്തുത വില്ലേജുകളിലെ ജനസംഖ്യയും ഭൂമി ഉടമകളും എത്രയാണെന്ന് വിശദമാക്കാമോ; | (ഡി) | പ്രസ്തുത വില്ലേജുകളിലെ ജനസംഖ്യ ഏകദേശം 75000 ആണ്. ഭൂവുടമകൾ ചെങ്കള വില്ലേജ് - 19800, മുട്ടത്തൊടി വില്ലേജ് - 20106 |
| (ഇ) | ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിലെ തസ്തികനില എങ്ങനെയാണെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്നും എത്ര കാലമായി ഈ സ്ഥിതി തുടരുന്നുവെന്നും വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത ഗ്രൂപ്പ് വില്ലേജ് ഓഫീസിലെ തസ്തികനില ചുവടെ ചേർക്കുന്നു:<br><br>**അനുവദനീയമായ തസ്തിക**<br><br>വില്ലേജ് ഓഫീസർ - 1<br><br>സ്പെഷ്യൽ വില്ലേജ് ഓഫീസർ - 1<br><br>വില്ലേജ് അസിസ്റ്റന്റ് - 1<br><br>വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 2<br><br>ആകെ - 5<br><br>**ഒഴിഞ്ഞുകിടക്കുന്ന തസ്തിക**<br><br>വില്ലേജ് അസിസ്റ്റന്റ് - 1 (07.10.2023 മുതൽ) |

| | | | |
|---|---|---|---|
| | | | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് - 1 (10.05.2024 മുതൽ)<br><br>ആകെ - 2 |
| (എഫ്) | ദിവസവും എത്ര പേർ നികുതി അടയ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിൽ എത്തുന്നുവെന്ന് വിശദമാക്കാമോ; | (എഫ്) | ദിവസവും ഇരുന്നൂറോളം പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തിച്ചേരാറുണ്ട്. |
| (ജി) | ജില്ലാ ആസ്ഥാന പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വലിയ വരുമാനം കിട്ടുന്ന ഈ ഗ്രൂപ്പ് വില്ലേജ് ഓഫീസിനെ എപ്പോൾ സ്മാർട്ട് ഓഫീസായി മാറ്റുമെന്ന് വ്യക്തമാക്കാമോ? | (ജി) | അടുത്ത രണ്ട് വർഷക്കാലത്തിനുള്ളിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒരു വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപ്പണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാക്രമത്തിൽ നടപടികൾ സ്വീകരിച്ചു വരികയാണ്. അക്കൂട്ടത്തിൽ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസിനെ സ്മാർട്ട് ഓഫീസായി മാറ്റുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ